പന്ത്രണ്ടാം  കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2009-2011)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2011 ഫെബ്രുവരി  23 -ാം തീയതി സഭയിൽ സമർപ്പിച്ചത് )

ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പന്ത്രണ്ടാം  കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2009-2011)

പന്ത്രണ്ടാമത് റിപ്പോർട്ട്

(2011 ഫെബ്രുവരി  23-ാം തീയതി സഭയിൽ സമർപ്പിച്ചത് )

ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ
സംബന്ധിച്ച റിപ്പോർട്ട്

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | : | |
| 2. ആമുഖം | : | |
| 3. റിപ്പോർട്ട് | : | |
| 4. ശുപാർശകൾ | : | |
| 5. അനുബന്ധം | : | |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
# (2009-2011)

## സമിതിയുടെ ഘടന

**ചെയർമാൻ** :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

**അംഗങ്ങൾ** :

1) ശ്രീ. ജോർജ് എം. തോമസ്
2) ശ്രീ. എം. ഹംസ
3) ശ്രീ. വർക്കല കഹാർ
4) ശ്രീ. കെ.വി. കുഞ്ഞിരാമൻ
5) ശ്രീ. കെ. പി. മോഹനൻ
6) ശ്രീ. എ. പ്രദീപ് കുമാർ
7) ശ്രീ. കെ. കെ. ഷാജു
8) ശ്രീ. വി.എസ്. സുനിൽ കുമാർ

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി

ശ്രീ. കെ. മോഹനകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീ. പി.എ. ജോയി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി

## ആമുഖം

കേരളത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിൽ കാർഷിക മേഖലയായ തോട്ടം മേഖല നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. ഇന്ത്യയുടെ പൊതുസ്ഥിതി പരിശോധിക്കുകയാണെങ്കിൽ തേയില, കാപ്പി, ഏലം തുടങ്ങിയ തോട്ട വിളകളുടെ ഉത്പാദനത്തിന്റെ 30 ശതമാനവും കേരളതതിലാണ് ഉത്പാദിപ്പിക്കുന്നത്. കേരളത്തിന്റെ തനത് കാർഷിക ഉത്പാദനത്തിന്റെ മൂന്നിലൊരു ഭാഗം സംഭാവന ചെയ്യുന്നത് തോട്ട വിളകളാണ്. എന്നാൽ സമീപകാലത്ത് ആഗോള വിപണികളിലുണ്ടായിട്ടുള്ള തിരിച്ചടികൾ, ലോക സാമ്പത്തിക മാന്ദ്യം, കാലാവസ്ഥാ വ്യതിയാനം, ഗുണമേന്മയുള്ള വിത്തുകളുടേയും വളങ്ങളുടേയും അഭാവം, തൊഴിൽ മേഖലയിലെ അസ്വസ്ഥതകൾ, തോട്ടം മാനേജ്മെന്റുകളുടെ കെടുകാര്യസ്ഥത തുടങ്ങിയ ഒട്ടേറെ കാരണങ്ങളാൽ കേരളത്തിലെ തോട്ടം മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്. തൽഫലമായി കേരളത്തിലെ 3.6 ലക്ഷത്തോളം വരുന്ന തോട്ടം തൊഴിലാളികളിൽ നല്ലൊരു ശതമാനം പേർ കടുത്ത ബുദ്ധിമുട്ടുകൾ അനുഭവിച്ച് വരികയാണ്. തോട്ടം തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട 12-ാം കേരള നിയമഭസയുടെ 1-ാം സമ്മേളനത്തിലും 2-ാം സമ്മേളനത്തിലും സർക്കാർ നിയമസഭയിൽ ഉറപ്പുകൾ നൽകിയിരുന്നു. പ്രസ്തുത ഉറപ്പുകളിന്മേലുള്ള തുടർ നടപടികൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഉറപ്പുകൾ സംബന്ധിച്ച സമിതി 15.11.2010-ൽ തിരുവനന്തപുരം ജില്ലയിലെ മഹാവീർ പ്ലാന്റേഷൻസിന്റെ ബോണക്കാട് എസ്റ്റേറ്റ് സന്ദർശിച്ച് തോട്ടം തൊഴിലാളികൾ, വിവിധ തൊഴിലാളി യൂണിയൻ നേതാക്കൾ, മാനേജ്മെന്റ് പ്രതിനിധികൾ, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തി. ഇതിന്റെ തുടർച്ചയായി 24.01.2011-ലും സമിതി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. തൊഴിലില്ലായ്മയും പട്ടിണിയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുംകൊണ്ട് വീർപ്പുമുട്ടുന്ന നിരാലംബരും നിസ്സഹായരുമായ തൊഴിലാളികളെയാണ് സമിതിക്ക് ബോണക്കാട് എസ്റ്റേറ്റിൽ കാണുവാൻ കഴിഞ്ഞത്. പുറംലോകത്ത് നിന്നും ഒറ്റപ്പെട്ടുനിൽക്കുന്ന ഇവിടത്തെ തൊഴിലാളികൾ കടുത്ത ജീവിത പ്രതിസന്ധി നേരിടുന്നതായി മനസ്സിലാക്കിയ സമിതി ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടാതാണെന്ന് അഭിപ്രായപ്പെട്ടു.

ആയതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ കണ്ടെത്തലുകളും അഭിപ്രായങ്ങളും ശുപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2011 ഫെബ്രുവരി 8 തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ.കുട്ടി അഹമ്മദ് കുട്ടി
ചെയർമാൻ,
ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2011 ഫെബ്രുവരി 8

## റിപ്പോർട്ട്

തൊഴിലാളി ക്ഷേമ സംസ്ഥാനമെന്നാണ് കേരളം പൊതുവെ അറിയപ്പെടുന്നത്. തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിലും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലും പ്രത്യേക ശ്രദ്ധയും പ്രതിജ്ഞാബദ്ധതയും ചെലുത്തുന്നതിൽ കേരളം എന്നും മുൻപന്തിയിലാണ് നിന്നിരുന്നത്. വിവിധ മാർഗ്ഗങ്ങളിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും തൊഴിലാളി വർഗ്ഗത്തിന്റെ ജീവിത നിലവാരം ഉയർത്തിയും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കികൊണ്ടുള്ള തൊഴിലാളിക്ഷേമം എന്നതാണ് തൊഴിൽ മേഖലയുടെ ലക്ഷ്യം. തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിച്ച് മികച്ച ജീവിതോപാധിയും ഉത്പാദന മേഖലയുടെ വളർച്ചയും വ്യാവസായിക അഭിവൃദ്ധിയും സമ്പദ്ഘടനയുടെ വളർച്ചയും ഉറപ്പാക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യതയാണ്. വിവിധ മേഖലകളിലായി സംസ്ഥാനത്ത് ഏകദേശം 83 ലക്ഷത്തിലധികം തൊഴിലാളികളാണുള്ളത്. ഇതിൽ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുവരുന്ന ഒരു വിഭാഗമാണ് 3.6 ലക്ഷത്തോളം വരുന്ന തോട്ടം തൊഴിലാളികൾ. വിവിധ കാരണങ്ങളാൽ സമീപകാലത്തായി തോട്ടം മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധിയാണ് തോട്ടം തൊഴിലാളികളുടെ ബുദ്ധിമുട്ടിന്റെ പ്രധാനകാരണം.

2. പന്ത്രണ്ടാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലും രണ്ടാം സമ്മേളനത്തിലും തോട്ടം തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നത് സംബന്ധിച്ച് സർക്കാർ നിയമസഭയിൽ ഉറപ്പുകൾ നൽകിയിരുന്നു. (ഒന്നാം സമ്മേളനം ഉറപ്പ് നമ്പർ-173, 199, രണ്ടാം സമ്മേളനം ഉറപ്പ് നമ്പർ - 6, 133). പ്രസ്തുത ഉറപ്പുകൾ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ഗൗരവമായെടുക്കുകയും ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചുവന്ന തുടർനടപടികൾ നിരീക്ഷിയ്ക്കുകയും ചെയ്തു. പ്രസ്തുത ഉറപ്പുകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ (സർക്കാർ റിപ്പോർട്ടുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു) പരിഗണിച്ച സമിതി, തോട്ടം തൊഴിലാളി കളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വേണ്ടത്ര ഫലപ്രദമാകുന്നില്ലെന്ന് വിലയിരുത്തുകയുണ്ടായി.

3.പന്ത്രണ്ടാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 6-ാം നമ്പർ ഉറപ്പിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ "കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയ ആനുകൂല്യങ്ങളുടേയും സംസ്ഥാന സർക്കാരിന്റെ

അനുരഞ്ജന ശ്രമങ്ങളുടേയും ഫലമായി മഹാവീർ പ്ലാന്റേഷൻസിന്റെ ബോണക്കാട് എസ്റ്റേറ്റ് ഉൾപ്പെടെയുള്ള 10 തോട്ടങ്ങൾ തുറന്ന് പ്രവർത്തിക്കുകയുണ്ടായെന്നും എന്നാൽ വിവിധ മാനേജ്മെന്റുകളും തൊഴിലാളി സംഘടനാ പ്രതിനിധികളും തമ്മിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് ധാരണ പ്രകാരമുള്ള വിവിധ കുടിശ്ശികകൾ നിശ്ചിത സമയക്രമമനുസരിച്ച് വിതരണം ചെയ്യാൻ കഴിയാതെ വരികയും അതിനായി ജില്ലാതലത്തിൽ നടത്തിയ അനുരഞ്ജന ശ്രമങ്ങൾ ഫലംകാണാതെ വരികയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത വിഷയം ഇപ്പോൾ ലേബർ കമ്മീഷണർ തലത്തിൽ ചർച്ചചെയ്ത് വരികയാണെന്നും മഹാവീർ പ്ലാന്റേഷൻസിന്റെ ബോണക്കാട് എസ്റ്റേറ്റിലും തത്തുല്യമായ അവസ്ഥയാണ് നിലനിൽക്കുന്നതെന്നും വ്യക്തമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ട് 10.08.2010-ൽ പരിഗണിച്ച സമിതി ബോണക്കാട് എസ്റ്റേറ്റ് സന്ദർശിക്കാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 15.11.2010-ൽ സമിതി ബോണക്കാട് എസ്റ്റേറ്റ് സന്ദർശിച്ച് തോട്ടം തൊഴിലാളികൾ, വിവിധ തൊഴിലാളി യൂണിയൻ നേതാക്കൾ, മാനേജ്മെന്റ് പ്രതിനിധികൾ, തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തി.

4. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ വിതുരയിൽ നിന്നും 20 കി.മീ. വനത്തിലൂടെ സഞ്ചരിച്ച് വേണം പുറംലോകത്തു നിന്നും വേറിട്ടുനിൽക്കുന്ന ബോണക്കാട് എത്തുവാൻ. തൊഴിലില്ലായ്മയും പട്ടിണിയും നിമിത്തം കഷ്ടപ്പെടുന്ന തൊഴിലാളികളുടെ ദയനീയമയ ദൃശ്യങ്ങളാണ് സമിതിക്ക് ബോണക്കാട് എസ്റ്റേറ്റിൽ കാണുവാനായത്. ബ്രിട്ടീഷുകാരുടെ ഭരണകാലത്താണ് ബോണക്കാട് തേയിലത്തോട്ടവും ഫാക്ടറിയും പ്രവർത്തനം ആരംഭിച്ചത്. തോട്ടം പലതവണ കൈമാറ്റം ചെയ്യപ്പെട്ട ശേഷമാണ് ഇപ്പോഴത്തെ ഉടമസ്ഥരായ മഹാവീർ പ്ലാന്റേഷൻസിന്റെ കൈകളിലെത്തുന്നത്. ഏകദേശം 1300-ൽ അധികം ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന എസ്റ്റേറ്റിൽ പ്രധാനമായും തേയിലും റബ്ബറുമാണ് കൃഷിചെയ്യുന്നത്. ഒരുകാലത്ത് 1500 ലധികം തൊഴിലാളികൾ ജോലി ചെയ്തിരുന്ന എസ്റ്റേറ്റ് 1993 വരെ നന്നായി പ്രവർത്തിച്ചിരുന്നു എന്ന് സമിതി മനസിലാക്കുന്നു. എന്നാൽ മാനേജ്മെന്റിന്റെ പിടിപ്പുകേടും കെടുകാര്യസ്ഥതയും അലംഭാവവും നിമിത്തം തോട്ടം പ്രവർത്തനം പ്രതിസന്ധിയിലാവുകയും തുടർന്ന് അടച്ച് പൂട്ടുകയും ചെയ്തു. തൊഴിൽ രഹിതരായിത്തീർന്ന തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും തോട്ടം ഉപേക്ഷിച്ച് പോയി. ഇപ്പോൾ 275 തൊഴിലാളികളാണ് അവശേഷിക്കുന്നത്. കടുത്ത പട്ടിണിയും ദാരിദ്രവും മാരകമായ അസുഖങ്ങളും നിമിത്തം പരിതാപകരമായ അവസ്ഥയിലാണിവർ കഴിയുന്നത്. ഇതിൽ 200 ഓളം പേർമാത്രമാണ് ജോലി ചെയ്യാൻ പ്രാപ്തരായിട്ടുള്ളത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ

ശ്രമഫലമായി 2007-ൽ തോട്ടം തുറക്കുകയുണ്ടായെങ്കിലും തൊഴിലാളികൾക്കുള്ള കുടിശ്ശിക വിതരണം ചെയ്യാൻ കഴിയാത്തതിനാലും മാനേജ്മെന്റിന്റെ സാമ്പത്തിക പ്രതിസന്ധി നിമിത്തവും തോട്ടം ഏതാണ്ട് പ്രവർത്തനം നിലച്ച അവസ്ഥയിൽതന്നെയാണിപ്പോഴും.

5. തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കനുസരിച്ചുള്ള വേതനമാണ് ലഭിക്കുന്നത്. എന്നാൽ വേതനം യഥാസമയം ലഭിക്കാറില്ല. ജോലിയിൽ നിന്നും വിരമിച്ചവരും 60 വയസ്സ് കഴിഞ്ഞവരുമായ 300 ഓളം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, പി.എഫ് തുടങ്ങിയ ആനുകൂല്യങ്ങളൊന്നും തന്നെ നൽകിയിട്ടില്ല. 2007 നവംബർ 26-ാം തീയതി തൊഴിലാളികളും മാനേജ്മെന്റും തമ്മിലുണ്ടാക്കിയ വ്യവസ്ഥപ്രകാരം 2008 ജനുവരി മുതൽ ഒരു മാസം 5 പേർക്ക് വീതം ആകെ 160 പേരുടെ ആനുകൂല്യങ്ങളുടെ കുടിശ്ശിക തീർക്കേണ്ട സ്ഥാനത്ത് ആകെ 36 പേർക്ക് മാത്രമാണ് ഇതുവരെ നൽകിയിട്ടുള്ളത്.

6. ആയതിനാൽ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച്, അർഹതപ്പെട്ട ഗ്രാറ്റുവിറ്റി, പി.എഫ് മറ്റാനുകൂല്യങ്ങൾ എന്നിവ തോട്ടം ഉടമയിൽ നിന്നും അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

7. വളരെ മോശമായ ജീവിത ചുറ്റുപാടിലാണ് ബോണക്കാട്ടെ തൊഴിലാളികൾ കഴിയുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിക്കപ്പെട്ട ലയങ്ങൾ പകുതിയും തകർന്നുകഴിഞ്ഞു. ഇവ ജിർണ്ണിച്ചും പൊട്ടിപൊളിഞ്ഞും കഴുക്കോലുകൾ ദ്രവിച്ചും ഓടുകൾ നഷ്ടപ്പെട്ടും ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. കൂടാതെ മാലിന്യങ്ങൾ നിറഞ്ഞ് വൃത്തിഹീനമായ പരിസരമാണ്. കക്കൂസോ മറ്റ് പ്രാഥമിക സൗകര്യങ്ങളോ ലയങ്ങളിൽ ലഭ്യമല്ല. ഇവ സർക്കാരിന്റെ അടിയന്തിര ശ്രദ്ധപതിയേണ്ട ഒരു വിഷയമാണെന്ന് സമിതി വിലയിരുത്തി.

8. ആയതിനാൽ ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ അറ്റകുറ്റപ്പണികൾ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അടിയന്തിരമായി നടത്തണമെന്നും ഇതിനായി കുറഞ്ഞത് ഒരു വീടിന് 10,000 (പതിനായിരം) രൂപവച്ച് 300 വീടിന് 30 ലക്ഷം

രൂപയെങ്കിലും റിലീഫ് കമ്മിറ്റിക്ക് സർക്കാർ അടിയന്തിരമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

9. പ്രതിസന്ധികൾമൂലവും ഉടമകൾ ഉപേക്ഷിച്ചും അടച്ചുപൂട്ടപ്പെട്ട്/ പ്രവർത്തനം നിലച്ച് തൊഴിൽരഹിതരായ തോട്ടം തൊഴിലാളികളുടെ ദുരിതനിവാരണത്തിനും പ്രശ്നപരിഹാരത്തിനുമായി വയനാട്, പാലക്കാട്, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലുൾപ്പെടുന്ന പ്രശ്നബാധിതമായ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആശ്വാസമെത്തിക്കുന്നതിനായി ജില്ലാകളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറും തൊഴിലാളി പ്രതിനിധികൾ/ട്രേഡ് യൂണിയൻ നേതാക്കളെ അംഗങ്ങളാക്കിയും പ്ലാന്റേഷൻ റിലീഫ് കമ്മിറ്റികൾ രൂപീകരിച്ച് വൈദ്യുതി, കുടിവെള്ളം, ചികിത്സാ സൗകര്യം (മെഡിക്കൽ ക്യാമ്പ് മൊബൈൽ ക്ലിനിക്ക്) മാരകരോഗങ്ങൾക്ക് ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, പെൺമക്കളുടെ വിവാഹ ധനസഹായം, സൗജന്യ റേഷൻ, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പഠനോപകരണങ്ങൾ കൂടാതെ ഉത്സവവേളകളിൽ എക്സ്ഗ്രേഷ്യാ ആയി 940 രൂപ എന്നിവയും നൽകിവരുന്നുവെന്നും തോട്ടം മേഖലയിലെ പ്രത്യേക അവസ്ഥ പരിഗണിച്ചും പ്രവർത്തനം നിലച്ചതും എന്നാൽ പിന്നീട് തുറന്ന് പ്രവർത്തിച്ചതുമായ തോട്ടങ്ങൾ, അവ സാധാരണ അവസ്ഥ കൈവരിക്കുന്നതുവരെ മേൽ വിവരിച്ച ക്ഷേമ പ്രവർത്തനങ്ങൾ തുടരുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും കൂടാതെ വിവിധ ക്ഷേമ പദ്ധതികളിൽ അംഗമായ തൊഴിലാളികൾക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകുവാൻ പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി വരുത്തി തോട്ടം തൊഴിലാളികൾക്കും ബാധകമാക്കിയിട്ടുണ്ടെന്നും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചുവെങ്കിലും മേൽപ്പറഞ്ഞ ആനുകൂല്യങ്ങളിൽ കുടിവെള്ളം, വൈദ്യുതി, ചികിത്സാ സൗകര്യം, സൗജന്യ റേഷൻ തുടങ്ങിയവയൊന്നും ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് ലഭിക്കുന്നില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി.

10. തൊഴിലാളികളുടെ ക്വാർട്ടേഴ്സുകളിലേക്കുള്ള കുടിവെള്ള പൈപ്പുകൾ കാലപ്പഴക്കത്താൽ തുരുമ്പിച്ച് ഉപയോഗശൂന്യമായിട്ടുള്ളതാണ്. സമീപത്തെ അരുവിയിൽ നിന്നുള്ള മലിനജലമാണവർ ഉപയോഗിച്ചുവരുന്നത്. കടുത്ത ആരോഗ്യ പ്രശ്നങ്ങൾക്ക് ഇത് വഴിവെയ്ക്കാൻ സാദ്ധ്യത കൂടുതലാണ്.

11. ആയതിനാൽ പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കുടിവെള്ള വിതരണത്തിനുള്ള സംവിധാനമൊരുക്കണമെന്നും ഇതിനാവശ്യമായ തുക സർക്കാർ അനുവദിക്കണമെന്നും ഇതിനായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

12. തുച്ഛമായ വേതനവും തൊഴിലില്ലായ്മവും മൂലം ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ ജീവിതം ദുസ്സഹമായി മാറികൊണ്ടിരിക്കുകയാണ്. മുമ്പൊക്കെ എസ്റ്റേറ്റിൽ പണിയില്ലെങ്കിലും തോട്ടം തൊഴിലാളികൾക്ക് 20 കിലോ ഭക്ഷ്യധാന്യങ്ങൾ സൗജന്യ റേഷനായി ലഭിച്ചിരുന്നു. എന്നാലിപ്പോൾ സൗജന്യ റേഷൻ നിർത്തലാക്കി പകരം ഒരു മാസം 10 കിലോ അരി രണ്ട് രൂപ നിരക്കിൽ റേഷൻകട വഴി ലഭിക്കുന്നു. ഇത് തീർത്തും അപര്യാപ്തമാണ്.

13. ആയതിനാൽ അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മാസംതോറും 2 രൂപയുടെ 10 കിലോ അരി വിതരണം ചെയ്യുന്നതോടൊപ്പം തന്നെ മുമ്പ് അനുവദിച്ചിരുന്ന സൗജന്യ റേഷൻ പുന:സ്ഥാപിച്ച് 20 കിലോ ഭക്ഷ്യധാന്യങ്ങൾ സൗജന്യ റേഷനായി തുടർന്നും നൽകണമെന്ന് സമിതി ശുപാർശചെയ്യുന്നു.

14. മോശപ്പെട്ട ജീവിത സാഹചര്യങ്ങളും പട്ടിണിയും മൂലം തൊഴിലാളികൾക്കിടയിൽ പകർച്ചവ്യാധികളും മറ്റസുഖങ്ങളും പടർന്നു പിടിക്കാറുണ്ട്. കൂടാതെ ക്യാൻസർപോലുള്ള മാരകമായ രോഗങ്ങൾ ബാധിച്ചവരും തൊഴിലാളികൾക്കിടയിലുണ്ട്. എന്നാൽ രോഗികൾക്ക് മതിയായ ചികിത്സ ലഭിക്കാനുള്ള യാതൊരു സൗകര്യവും ബോണക്കാട്ടില്ല. വർഷത്തിൽ എപ്പോഴെങ്കിലുമൊരിക്കൽ ഒരു മെഡിക്കൽ ക്യാമ്പ് നടത്തുകമാത്രമാണിപ്പോൾ ചെയ്യുന്നത്. മുമ്പ് എസ്റ്റേറ്റ് വക ആശുപത്രിയുണ്ടായിരുന്നെങ്കിലും വർഷങ്ങൾക്ക് മുമ്പ് തന്നെ ഇത് പൂട്ടുകയുണ്ടായി. ഇവിടെ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ഒരു നേഴ്സ് മാത്രമാണിവിടെ വരാറുള്ളത്. അടിയന്തിര ഘട്ടങ്ങളിൽ ചികിത്സ ലഭ്യമാക്കാനുള്ള യാതൊരു സൗകര്യവും ഇവിടെയില്ല. ഇത് മൂലം 20 കി.മീ അകലെ വിതുരയിലുള്ള സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തൊഴിലാളികൾ ചികിത്സക്കായി ആശ്രയിക്കുന്നത്. രോഗം ഗുരുതരമാണെങ്കിൽ ചികിത്സയ്ക്കായി 40. കി.മീ. അകലെയുള്ള നെടുമങ്ങാട്

എത്തണം. എന്നാൽ ദിവസം ഒന്നോ രണ്ടോ തവണ മാത്രം സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ് മാത്രമാണ് ഇങ്ങോട്ടുള്ള ഏക വാഹന സൗകര്യം.

15. തൊഴിൽ നിയമമനുസരിച്ച് തോട്ടത്തിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പാക്കുന്ന ആശുപത്രി പ്രവർത്തിപ്പിക്കണ മെന്നുണ്ടെങ്കിലും തോട്ടത്തിന്റെ പ്രവർത്തനം നിലച്ചതിനാൽ തോട്ടത്തിലെ ആശുപത്രിയും പ്രവർത്തനരഹിതമായി. ആയതിനാൽ എസ്റ്റേറ്റിൽ പ്രവർത്തിച്ചിരുന്ന ഡിസ്പെൻസറിയിൽ ആഴ്ചയിൽ നിശ്ചിതമായ രണ്ട് ദിവസമെങ്കിലും വിതുര പ്രൈമറി ഹെൽത്ത് സെന്ററിൽ നിന്നും ഒരു ഡോക്ടറും അനുബന്ധ ജീവനക്കാരും വന്ന് രോഗികൾക്കാവശ്യമായ ചികിത്സയും മരുന്നും നൽകേണ്ടതാണെന്നും കൂടാതെ മാസത്തിൽ ഒരു ദിവസം ഡോക്ടറും പാരാമെഡിക്കൽ സ്റ്റാഫും ഉൾക്കൊള്ളുന്ന മൊബൈൽ ഹെൽത്ത് യൂണിറ്റ് എസ്റ്റേറ്റിലെ വിവിധ ഭാഗങ്ങളിൽ വന്ന് ആവശ്യമായ ചികിത്സാ സൗകര്യം ഏർപ്പെടുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശചെയ്യുന്നു.

16. ബോണക്കാട് എസ്റ്റേറ്റ് അടച്ചു പൂട്ടിയതിനു ശേഷം തൊഴിലാളികളുടെ നേതൃത്വത്തിൽ കമ്പനി പ്രവർത്തിപ്പിച്ച് കുറച്ചുകാലം തേയിലയുടെ പ്രോസസിംഗ് നടത്തിയിരുന്നു. ഇക്കാലത്ത് നല്ല ലാഭം ലഭിച്ചിരുന്നതായി തൊഴിലാളികൾ വ്യക്തമാക്കുകയുണ്ടായി. എന്നാൽ മാനേജ്മെന്റ് ഭീമമായ തുക വൈദ്യുതി കുടിശ്ശിക വരുത്തിയതിനെതുടർന്ന് വൈദ്യുതി ബോർഡ് വൈദ്യുതി വിച്ഛേദിച്ചു. ഇതോടെ തൊഴിലാളികളുടെ നേതൃത്തിലുള്ള കമ്പനിയുടെ പ്രവർത്തനവും അതോടൊപ്പം ലയങ്ങളിലേക്കുള്ള വൈദ്യുതിയും നിലയ്ക്കുകയുണ്ടായി. വൈദ്യുതി കുടിശ്ശിക തിർത്ത് വൈദ്യുതി പുന:സ്ഥാപിക്കുന്നതിന് മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും യാതൊരു ശ്രമവും നാളിതുവരെ ഉണ്ടായിട്ടില്ല.

17. ആയതിനാൽ തൊഴിലാളികളുടെ ലയങ്ങളിലേക്കുള്ള വൈദ്യുതി അടി യന്തിരമായി പുന:സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്നും തോട്ടത്തിന്റെ പ്രവർത്തനം സാധാരണ നിലയിലാകുന്നതുവരെ തൊഴിലാളിലയ ങ്ങളിലേയ്ക്കുള്ള വൈദ്യുതി സബ്സിഡി നിരക്കിൽ നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

18. തോട്ടം അടച്ച് പൂട്ടിയതിനാൽ തൊഴിലാളികൾക്ക് ഇപ്പോൾ ഭാഗികമായി മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളു. തേയില കൊളുന്ത് പ്രൊസസ് ചെയ്യാതെ വിൽക്കേണ്ടി വരുന്നതിനാൽ തുച്ഛമായ വിലയാണ് ലഭിക്കുന്നത്. എസ്റ്റേറ്റിന്റെ

ചില ഭാഗങ്ങളിലുള്ള കുറച്ച് റബ്ബർ ടാപ്പിംഗ് മാത്രമാണ് തൊഴിലാളികൾക്ക് അൽപ്പമെങ്കിലും ആശ്വാസം നൽകുന്നത്. എന്നാൽ ഇതൊന്നും തൊഴിലാളികളുടെ തൊഴിൽ ലഭ്യത ഉറപ്പ് വരുത്താൻ പര്യാപ്തമല്ല. ആയതിനാൽ എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തൊഴിൽ നൽകുന്നതിനും തകർന്നു കിടക്കുന്ന എസ്റ്റേറ്റ് റോഡുകൾ തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. കൂടാതെ സഞ്ചാര യോഗ്യമല്ലാത്ത രീതിയിൽ തകർന്നു കിടക്കുന്ന വിതുര-ബോണക്കാട് റോഡ് ടാർ ചെയ്ത് നന്നാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ബോണക്കാട് 1-ാം ക്ലാസ്സു മുതൽ 5 -ാം ക്ലാസു വരെ ക്ലാസ്സുകളുള്ള ഒരു എൽ.പി. സ്ക്കൂൾ മാത്രമാണുള്ളത്. ബോണക്കാട് തേയില ഫാക്ടറിയുടെ പരിസരത്തു നിന്നും മൂന്നു കിലോമീറ്റർ അകലെയാണ് പ്രസ്തുത സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ ബോണക്കാട് ഫാക്ടറി വരെ മാത്രമേ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നുള്ളു. ഇക്കാരണത്താൽ അദ്ധ്യാപകർക്ക് ബസ്സിറങ്ങി മൂന്നു കിലോമീറ്റർ നടന്ന് സ്ക്കൂളിൽ എത്തേണ്ടി വരുന്നു. ഇത് സ്ക്കൂളിന്റെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ സ്ക്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്ന വിധത്തിൽ ബോണക്കാട് ഫാക്ടറിയുടെ സമീപത്ത് യാത്ര അവസാനിപ്പിക്കുന്ന ബസ്സ് സർവ്വീസ് സ്ക്കൂൾ ജംഗ്ഷൻ വരെ ദീർഘിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. പൂട്ടികിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തു നിന്നും വിവിധ തരത്തിലുള്ള ശ്രമങ്ങൾ ഉണ്ടാകുന്നുണ്ട്. തോട്ടം മാനേജ്മെന്റുകളും തൊഴിലാളികളുമായി വിവിധ തലങ്ങളിലുള്ള അനുരഞ്ജന ചർച്ചകൾ നടത്തുകയും സർക്കാരിലേയ്ക്കുള്ള വിവിധ നികുതി കുടിശ്ശികകളും വൈദ്യുതി കുടിശ്ശികകളും ഇളവ് നൽകുകയും വിവിധ പുനരുദ്ധാരണ പാക്കേജുകൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ബോണക്കാട് എസ്റ്റേറ്റ് മാനേജ്മെന്റായ മഹാവീർ പ്ലാന്റേഷൻസ് തോട്ടം തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ നടത്തുന്ന ശ്രമങ്ങളോടും തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളോടും പുറം തിരിഞ്ഞ് നിൽക്കുന്ന

സമീപനമാണ് വളരെ നാളുകളായി സ്വീകരിച്ച് വരുന്നതെന്ന് സമിതി വിലയിരുത്തുന്നു.

22. പൂട്ടിക്കിടക്കുന്ന തേയില ഫാക്ടറികൾ ഏറ്റെടുക്കുവാൻ കേന്ദ്ര തേയില നിയമമനുസരിച്ച് കേന്ദ്ര ഗവൺമെന്റിന് അധികാരമുണ്ട്. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത നിമിത്തം പ്രവർത്തനം നിലച്ച ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുത്ത് തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഭരണം സഹകരണ സംഘങ്ങളെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. പട്ടിണി മരണം വരെ നടന്ന ബോണക്കാട് എസ്റ്റേറ്റിൽ ഇനിയും ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി എസ്റ്റേറ്റിൽ അവശേഷിക്കുന്ന തൊഴിലാളികളെ സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങളിലേക്ക് ( Plantation corporation, Rehabilitation Plantation Limited, KFDC) മാറ്റി പുനരധിവസിക്കുന്ന കാര്യവും ഗൗരവമായി പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കെ.കുട്ടി അഹമ്മദ് കുട്ടി
ചെയർമാൻ,
ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2011 ഫെബ്രുവരി 23